# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5418 23.05.17 ൽ മറുപടിയ്ക്ക്**

**ലൈസൻസിന് അപേക്ഷിക്കുന്ന വികലാംഗർ**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസിന് അപേക്ഷിക്കുന്ന വികലാംഗർക്ക് ലേണേഴ്സ് പരീക്ഷ നടത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വിശദീകരിക്കുമോ;ഇവർക്ക് കമ്പ്യൂട്ടർ സഹായത്തോടെയുള്ള പരീക്ഷയാണോ നടത്തിവരുന്നത് എന്ന് വിശദീകരിക്കുമോ; | (എ) | പുതിയതായി വാഹനം ഓടിക്കാൻ പഠിക്കുന്നതിനു മുൻപായി അപേക്ഷകൻ പഠന ലൈസൻസ് നേടിയിരിക്കേണ്ടതാണ്. നിലവിൽ ഇതിനായി കമ്പ്യൂട്ടറൈസ്ഡ് പരീക്ഷയാണ് നടത്തിവരുന്നത്. ശാരീരിക വൈകല്യം ഉള്ള വ്യക്തികൾക്ക് വാഹനമോടിക്കാൻ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും, പരിശോധനയുടേയും അടിസ്ഥാനത്തിലാണ് പഠന ലൈസൻസിനുള്ള പരീക്ഷയ്ക്ക് അനുമതി നൽകുന്നത്. |
| (ബി) | കമ്പ്യൂട്ടർ സഹായത്തോടെയുള്ള പരീക്ഷയെ അഭിമുഖീകരിക്കുന്നതിന് ബുദ്ധിമുട്ടുള്ള വികലാംഗർക്ക് വാചാ പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | വിശദാംശങ്ങൾ പരിശോധിച്ചശേഷമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ